II ശ്രദ്ധക്ഷണിക്കൽ

(1) സമഗ്രകൃഷിവികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, നമ്മുടെ സംസ്ഥാനം ഒരു കാർഷിക സംസ്ഥാനമാണ്. വലിയൊരു വിഭാഗം ജനങ്ങളും കൃഷിയുമായി ബന്ധപ്പെട്ട് കഴിയുകയാണ്. കേരളം ജനസാന്ദ്രത കൂടിയതും വിസ്തീർണ്ണം കുറഞ്ഞതുമായ ഒരു സംസ്ഥാനമാണ്. നമ്മുടെ ചെറുകിട കൃഷിക്കാർ കൃഷിനാശവും ഉൽപ്പന്നങ്ങളുടെ വിലയിടിവും കാരണം കഷ്ടത്തിൽ കഴിയുകയാണ്. ഉൽപാദന ചെലവ് കൂടിയതുകാരണം ഇന്ന് കർഷകർ ഒട്ടേറെ വെല്ലുവിളികളെ നേരിട്ടു കൊണ്ടിരിക്കുകയാണ്. ഈ ഘട്ടത്തിൽ കാർഷിക തകർച്ചയിൽനിന്ന് നമ്മുടെ സംസ്ഥാനത്തെ രക്ഷിക്കാൻ സംസ്ഥാന ഗവൺമെന്റ് വളരെ ആസൂത്രിതമായി പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. പല കാരണങ്ങളാലും കാർഷിക മേഖല ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന ഈ വെല്ലുവിളികളെ എങ്ങനെ നേരിടണമെന്നുള്ളത് സംബന്ധിച്ച് ശാസ്ത്രീയമായ പഠനം അനിവാര്യമാണ്. അതിന് ശാസ്ത്രജ്ഞന്മാർ, കാർഷിക സർവ്വകലാശാല, ഗവേഷണ സ്ഥാപനങ്ങൾ, മണ്ണ് പരിശോധനാവിഭാഗം, ജലസേചന വകുപ്പ് എന്നീ സ്ഥാപനങ്ങളെല്ലാം സംയുക്തമായി പഠനം നടത്തി ഒരു ബൃഹത്തായ പദ്ധതി തയ്യാറാക്കാതെ പോയാൽ നമ്മുടെ സംസ്ഥാനം കാർഷികരംഗത്ത് ഇനിയും കൂടുതൽ തകർച്ചയിലേയ്ക്ക് പോകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് അവരുടെ നട്ടെല്ല് ഒടിച്ചിരിക്കുന്നുവെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഈ സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും അനിവാര്യമായി ചെയ്യേണ്ടത് ഈ സംസ്ഥാനത്തെ കൃഷി സ്ഥലങ്ങളുടെ ശരിയായ കണക്ക് ശേഖരിക്കുക എന്നുള്ളതാണ്. നമ്മുടെ സംസ്ഥാനത്തെ കൃഷിയെ സംബന്ധിച്ച് വ്യക്തമായ ഒരു സർവേ നടത്തി, ആ സർവേയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ പഠനം നടത്തിക്കൊണ്ട് ഒരു മാസ്റ്റർ പ്ലാൻ സർക്കാർ തയ്യാറാക്കണമെന്നുള്ളതാണ് ഞാൻ സർക്കാരിന്റെ മുമ്പിൽ ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നത്. നമ്മുടെ സംസ്ഥാനത്ത്, പ്രത്യേകിച്ച് മലബാർ മേഖലയിൽ ഒട്ടേറെ കൃഷിഭൂമികൾ ഇന്ന് തരിശായി കിടക്കുകയാണ്. അതിന് കാരണം സാമ്പത്തികമായ നഷ്ടവും കൃഷിയെ സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാടില്ലായ്മയുമാണ്. അതുകൊണ്ടാണ് ഒരു ശാസ്ത്രീയമായ പഠനം അനിവാര്യമാണെന്ന് ഞാൻ പറഞ്ഞത്. സർക്കാർ ഭൂമിയായാലും സ്വകാര്യ ഭൂമിയായാലും ഒരിഞ്ച് സ്ഥലംപോലും തരിശായി ഇടാൻ സർക്കാർ അനുവദിക്കരുത്. അതുകൊണ്ടുതന്നെ അതിനെക്കുറിച്ച് ഒരു വ്യക്തമായ ബോധം ജനങ്ങളിലുണ്ടാക്കണം. തരിശായി ഇടുന്ന ഭൂമിയെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് സർവേ നടത്തി, വിദഗ്ദ്ധരായ ഉദ്യോഗസ്ഥന്മാർ അവിടത്തെ കാലാവസ്ഥയും മണ്ണും പരിശോധിച്ചുകൊണ്ട്, പഠനം നടത്തിക്കൊണ്ട് അവിടെ അനുയോജ്യമായ കൃഷി ഏതാണെന്ന് കണ്ടെത്തി ആ ഭൂമി മുഴുവൻ കൃഷി ചെയ്യിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണം. സാമ്പത്തികമായ

LIBRARY ARCHIVES Kerala Legislative Assembly

ബുദ്ധിമുട്ടും പ്രയാസവും കാരണം തരിശായി ഭൂമി ഇട്ടിരിക്കുന്ന കൃഷിക്കാർക്ക് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ബാങ്കുകളിൽനിന്നും പലിശരഹിത വായ്പയും സബ്സിഡികളും, ആധുനിക യന്ത്രങ്ങളും, ആവശ്യമായ വിത്തുകളും തൈകളും നൽകാൻ ഗവൺമെന്റ് തയ്യാറാകണം. ഇല്ലെങ്കിൽ നമ്മുടെ കാർഷികരംഗം ഇനിയും തകർച്ചയിൽനിന്ന് തകർച്ചയിലേയ്ക്ക് നീങ്ങിപ്പോകും.

നമ്മുടെ രാജ്യത്ത് സമ്പദ്ഘടനയിൽ ഏറ്റവും വലിയ മുതൽക്കൂട്ടായി വിദേശനാണ്യം നേടിത്തരുന്ന ഉത്പന്നങ്ങളാണ് കശുവണ്ടി, കുരുമുളക്, തേയില തുടങ്ങിയവ. അതുപോലും ഇന്ന് തകർച്ചയെ നേരിടുകയാണ്. കുരുമുളക് കൃഷി ഇന്ന് നശിച്ചുകൊണ്ടിരിക്കുന്നു. അതുപോലെതന്നെ റബ്ബറിന്റെ വിലയിടിവ് കൃഷിക്കാരെ തകർച്ചയിൽ കൊണ്ടെത്തിച്ചിരിക്കുന്നു. നാളികേരം മണ്ഡരി രോഗംമൂലം നശിച്ചുകൊണ്ടിരിക്കുന്നു. നെൽകൃഷിയടക്കമുള്ള കൃഷികൾ രോഗ ബാധകാരണം ഇന്ന് നശിച്ചുകൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ള ഈ സാഹചര്യത്തിൽ ഇതിനെ സംബന്ധിച്ച് സമഗ്രമായ ഒരു പഠനം ആവശ്യമാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇതുസംബന്ധിച്ച ഒരു പഠനം നടത്തി ആവശ്യമായ പ്രതിവിധികൾ കാണാതെ പോയാൽ നമ്മുടെ സംസ്ഥാനം കാർഷിക രംഗത്ത് മറ്റെല്ലാ സംസ്ഥാനങ്ങളുടെയും പിന്നിലായിപ്പോകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മുടെ കൃഷിയിടങ്ങൾ മുഴുവൻ കൃഷി ചെയ്യിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. നാളികേരമായാലും കവുങ്ങായാലും റബ്ബറായാലും അത്യുൽപാദനശേഷിയുള്ള നല്ല വിത്തുകളും തൈകളും വിതരണം ചെയ്തുകൊണ്ട്, പഴയ കൃഷി മാറ്റി പുതിയ തൈകളും വിത്തുകളും വച്ചുപിടിപ്പിക്കാൻ പ്രത്യേക പദ്ധതി തയ്യാറാക്കി അതിന് പ്രത്യേക സഹായം ഗവൺമെന്റ് നൽകണം. അത്യുൽപ്പാദന ശേഷിയുള്ള നല്ല വിത്തുകളും തൈകളും നമുക്ക് ഇന്ന് യഥേഷ്ടം ലഭിക്കുന്നുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ)

അതിനു പ്രത്യേക സൗജന്യങ്ങളും ആനുകൂല്യങ്ങളും ഗവൺമെന്റ് പ്രഖ്യാപിക്കണം. നമ്മുടെ സംസ്ഥാനത്തിനു ഭൂമി വളരെ കുറവാണ്. ഇവിടെ നാളികേര കൃഷിയിടങ്ങളിലും മറ്റു കൃഷിയിടങ്ങളിലും ധാരാളം ഇടവിള ചെയ്യാൻ കഴിയും. അതിന് പ്രത്യേക പദ്ധതി തയ്യാറാക്കണം. എങ്കിൽ ഈ രംഗത്തു വലിയൊരു മാറ്റമുണ്ടാക്കാൻ നമുക്കു കഴിയും. നമ്മുടെ നെൽകൃഷി മേഖല ഏറ്റവും വലിയ വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. നമ്മുടെ ആഭ്യന്തര ആവശ്യത്തിന്റെ അഞ്ചിലൊരു ഭാഗം അരിപോലും ഉല്പാദിപ്പിക്കാൻ നമുക്കു കഴിയുന്നില്ല. നെൽക്കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം കുറഞ്ഞു വരികയാണ്. 1995-96 വർഷത്തിൽ നാലുലക്ഷത്തി എഴുപത്തൊന്നായിരത്തി എഴുന്നൂറ്റി അമ്പതു ഹെക്ടറായിരുന്ന നെൽകൃഷി മേഖലയുടെ വിസ്തൃതി 1996-97 ആയപ്പോൾ നാലു ലക്ഷത്തി മുപ്പതിനായിരത്തി എണ്ണൂറ്റി ഇരുപത്തേഴ് ഹെക്ടറായി ചുരുങ്ങി. 1997-98-ൽ അതു വീണ്ടും മൂന്നു ലക്ഷത്തി എൺപത്തേഴായിരം ഹെക്ടറായി കുറഞ്ഞിരിക്കുകയാണ്. അങ്ങനെ ഓരോ വർഷം കഴിയുംതോറും നെൽകൃഷിമേഖലയുടെ വിസ്തീർണ്ണം കുറഞ്ഞു വരികയാണ്. ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

നെൽകൃഷി മേഖലയുടെ വിസ്തീർണ്ണം കുറയുന്നതു സംബന്ധിച്ചും ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കണം. മറ്റൊരു സംസ്ഥാനത്ത് ലോറി സമരമുണ്ടായാൽ ഇവിടെ പട്ടിണിയാണ്. പച്ചക്കറിയും അരിയും ഒന്നും കിട്ടുകയില്ല. ഭക്ഷ്യ രംഗത്ത് അന്യസംസ്ഥാനങ്ങളെ ആശ്രയിച്ചുകൊണ്ടിരിക്കുന്ന ഒരു ഉപഭോക്തൃ സംസ്ഥാനമാണ് കേരളം. അതുകൊണ്ടുതന്നെ നമ്മുടെ സംസ്ഥാനത്തിനാവശ്യമായ നെല്ല് ഉല്പാദിപ്പിക്കാനുള്ള സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. ഇന്നത്തെ ജനകീയാസൂത്രണത്തിന്റെ വലിയൊരു പങ്ക് നെൽകൃഷി വികസനത്തിനുള്ള പദ്ധതികൾക്കായി നീക്കി വയ്ക്കാനും പഞ്ചായത്തുകളും സർക്കാരും വിവിധ ഏജൻസികളും ചേർന്ന് സമഗ്രമായൊരു പദ്ധതി തയ്യാറാക്കി ഓരോ പഞ്ചായത്തു വാർഡുകൾ തോറും ആ പദ്ധതി നടപ്പിലാക്കാനും തയ്യാറാകണം. ഒരു വിള മാത്രം കൃഷി ചെയ്തിരുന്ന കൃഷിയിടങ്ങളിൽ രണ്ടു വിളകളും രണ്ടു വിള കൃഷി ചെയ്തിരുന്ന കൃഷിയിടങ്ങളിൽ മൂന്നുവിളകളും കൃഷി ചെയ്യാനാവശ്യമായ അത്യുല്പാദനശേഷിയുള്ള വിത്തുകളും മറ്റു സൗകര്യങ്ങളും ലഭ്യമാക്കണം. നബാർഡു പോലെയുള്ള സ്ഥാപനങ്ങൾ ജലസേചനത്തിനും മറ്റും വായ്പ നൽകുന്നുണ്ട്. ആ രൂപത്തിൽ വായ്പ ലഭ്യമാക്കാനും ചെറുകിട - വൻകിട ജലസേചന പദ്ധതികൾ കൃഷി വികസനം ലക്ഷ്യമാക്കി നടപ്പിലാക്കാനും ശ്രമിക്കണം. നെൽകൃഷി ചെയ്യുന്ന നിലങ്ങൾ പൂർണ്ണമായും സംരക്ഷിക്കാൻ നടപടിയെടുക്കണം. 1995-96-ൽ 9.53 ലക്ഷം ടണ്ണും 1996-97-ൽ 8.71 ലക്ഷം ടണ്ണും 1997-1998-ൽ 7.65 ലക്ഷം ടണ്ണുമായി നെല്ലുല്പാദനം കുറഞ്ഞു കൊണ്ടിരിക്കുകയാണ്. ഇന്ന് പാടശേഖരങ്ങളിൽ കോൺക്രീറ്റു മന്ദിരങ്ങളും ഇതര കൃഷികളുമാണ് കാണുന്നത്. എത്രയോ കാലമായി കേരളത്തിലെ നെൽകൃഷിക്കാർ സ്വപ്നം കണ്ടിരുന്ന പാഡി ബോർഡ് നിലവിൽ വന്നാൽ മാത്രമേ നെൽകൃഷി നിലനിറുത്താൻ കഴിയു. ബഹുമാനപ്പെട്ട മന്ത്രി സഭയിൽ സൂചിപ്പിച്ചു, ഉന്നതാധികാര സമിതിയുടെ റിപ്പോർട്ട് ഗവൺമെന്റിനു ലഭിച്ചതല്ലാതെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന്. നെൽക്കൃഷിയെ സംരക്ഷിക്കാൻ ഉതകുന്ന ഒട്ടേറെ നിർദ്ദേശങ്ങൾ ഉന്നതാധികാര സമിതി നിർദ്ദേശിച്ചിട്ടുണ്ട്. ആ നിർദ്ദേശങ്ങൾ എത്രയും വേഗം നടപ്പിലാക്കാനുള്ള നടപടിയുണ്ടാകണം. നാളികേരവികസന കോർപ്പറേഷനും കശുവണ്ടി വികസന കോർപ്പറേഷനും കാർഷിക വികസനത്തിന് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. അതിനാൽ നാളികേര വികസന, കോർപ്പറേഷന്റെയും കശുവണ്ടി വികസന കോർപ്പറേഷന്റേയും ഈ രംഗത്തുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം. കാർഷിക മേഖലയിൽ യന്ത്രവൽക്കരണം വ്യാപകമാക്കണം. നമ്മൾ പുതിയ നൂറ്റാണ്ടിലേക്ക് പ്രവേശിക്കുകയാണ്. പുതിയ നൂറ്റാണ്ടിലേക്കു പ്രവേശിക്കുമ്പോൾ സമഗ്രമായ കൃഷി വികസനത്തിനാവശ്യമായ ഒരു പുതിയ മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ട്, സമഗ്രമായ സർവെയും പഠനവും നടത്തിക്കൊണ്ട്, കേരളത്തിലെ കാർഷിക രംഗത്ത് പുതിയൊരു വിപ്ലവം സൃഷ്ടിക്കാൻ ഉതകുന്ന മുദ്രാവാക്യവുമായി നമ്മൾ മുന്നോട്ടു പോകണം. ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രിയും ഗവൺമെന്റും അതിന് തയ്യാറാകണം. അങ്ങനെ കേരളം ഇൻഡ്യയ്ക്കാകെ മാതൃകയാകത്തക്ക രീതിയിൽ കാർഷിക രംഗത്ത് വലിയൊരു മുന്നേറ്റം നടത്താൻ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഗവൺമെന്റ് മുന്നോട്ടു വരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ബഹുമാനപ്പെട്ട അംഗം സി. ടി. അഹമ്മദ് അലി നോട്ടീസു തന്ന വിഷയം തരിശുഭൂമിയെ സംബന്ധിച്ചാണ്. അദ്ദേഹം ഇവിടെ ഉന്നയിച്ച പ്രശ്നം നമ്മുടെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ചിലതാണ്.

ശ്രീ. ജി. കാർത്തികേയൻ : സർ, ...

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, അദ്ദേഹം തന്ന നോട്ടീസ്...

ശ്രീ. ജി. കാർത്തികേയൻ : "സംസ്ഥാനത്തിന്റെ സമഗ്രമായ വികസനത്തിനു വേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. സി. ടി. അഹമ്മദ് അലി കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുന്നതാണ്." അതാണ് നോട്ടീസ്. ബഹുമാനപ്പെട്ട അംഗം ഇവിടെ നടത്തിയ ശ്രദ്ധക്ഷണിക്കലിനു മാത്രം മറുപടി പറയേണ്ട മന്ത്രി എണീറ്റിട്ട് എനിക്കു തന്നിരിക്കുന്ന വിഷയം ഇതല്ല വിഷയം തെറ്റി ഒരംഗം സഭയിൽ അവതരിപ്പിച്ചു എന്നു പറയുന്നത്, സഭയെ തെറ്റിദ്ധരിപ്പിക്കുന്നതു ഓർഡറിലാണോ ?

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിനു കിട്ടിയ നോട്ടീസിന്റെ കാര്യം പറഞ്ഞതാണ്.

ശ്രീ. ജി. കാർത്തികേയൻ : സർ, അങ്ങനെയല്ല. അതു സ്പീക്കറല്ലേ അനുവദിക്കുന്നത് ? ഇതു ചെയറിനോടും ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിനോടും സഭയോടുമുള്ള അനാദരവാണ്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ചെയറിനോട് വളരെ ആദരവുള്ള ആളാണു ഞാൻ. ബഹുമാനപ്പെട്ട ജി. കാർത്തികേയൻ സഭയിൽ വരുന്നതിനു മുൻപ് സഭയിൽ വന്ന ഒരാളാണ് ഞാൻ. ഞാൻ അതൊക്കെ പഠിച്ചിട്ടുണ്ട്. എനിക്ക് ബഹുമാനപ്പെട്ട അംഗം തന്ന നോട്ടീസിനെപ്പറ്റി പറഞ്ഞതാണ്. നമ്മുടെ സംസ്ഥാനത്തു തരിശായി കിടക്കുന്ന ഭൂമിയിൽ.... രണ്ടു ഘടകങ്ങളുണ്ട്. അതിൽ പ്രധാനമായും...

ശ്രീ. ജി. കാർത്തികേയൻ : ... സർ, ഇവിടെ ഇങ്ങനെ പറയുന്നതു ശരിയല്ലല്ലോ...

മി. ഡെപ്യൂട്ടി സ്പീക്കർ : കാര്യവിവരപ്പട്ടിക അനുസരിച്ചാണ് ഇവിടെ നടപടികൾ നടത്തുന്നത്..... (ബഹളം)..... കാര്യവിവരപ്പട്ടിക അനുസരിച്ചായിരിക്കും സഭാ നടപടികൾ നടത്തുന്നതെന്ന് ചെയർ റൂൾ ചെയ്തു.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ഞാൻ മറുപടി പറയുകയില്ല എന്നല്ല പറയുന്നത്. ചെയർ ശ്രദ്ധിക്കേണ്ടത്.... (ബഹളം) .....

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ബഹുമാനപ്പെട്ട മന്ത്രി കൃഷ്ണൻ കണിയാംപറമ്പിൽ പറഞ്ഞത് അദ്ദേഹത്തിന് കിട്ടിയ നോട്ടീസും അജണ്ടയിൽ പറഞ്ഞിട്ടുള്ളതുമായി ചെറിയ വ്യത്യാസമുണ്ടെന്നാണ്. .....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ഞാൻ എനിക്ക്.....

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി പറയട്ടെ. കാര്യവിവര പട്ടികയനുസരിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്നത്. .....(ബഹളം).....

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, എനിക്ക് തന്ന നോട്ടീസിലും ഇവിടെ പറഞ്ഞ വിഷയത്തിലും ഒരു ചെറിയ വ്യത്യാസമുണ്ടെന്ന് ഞാൻ ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ഏത് പ്രശ്നത്തിനും മറുപടി പറയാൻ ഞാൻ തയ്യാറാണ്. പക്ഷേ നോട്ടീസിൽ ഒരു പ്രശ്നമുണ്ടെന്ന് ഞാൻ ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. അത്രയേയുള്ളൂ. കേരളത്തിൽ രണ്ട് രീതിയിലുള്ള ഭൂമിയാണ് തരിശായിട്ട് കിടക്കുന്നത്. വളരെ ഉൽപ്പാദനക്ഷമതയുള്ള നല്ല ഭൂമികൾ നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ തരിശ്ശായി കിടക്കുന്നുണ്ട്. എന്നാൽ മുൻപ് കൃഷി ചെയ്തിരുന്നതും പല കാരണങ്ങളാൽ കൃഷിക്ക് ഉപയുക്തമല്ലാതായിത്തീർന്നിട്ടുമുള്ള ചില ഭൂമിയും തരിശായി കിടക്കുന്നുണ്ട്. ഇതാണ് നമ്മുടെ സംസ്ഥാനത്തിലെ തരിശ് ഭൂമിയുടെ ഒരു സ്ഥിതി വിശേഷം. ഇതിന് ഒരു പ്രധാനപ്പെട്ട കാരണം, നമ്മുടെ കൃഷിഭൂമി ഉൽപ്പാദനോപാധിയെന്നതിൽനിന്നും വ്യത്യസ്തമായി ധനനിക്ഷേപത്തിനുള്ള ഒരു ഉപാധിയായി മാറിയതാണ്. ഈ തരിശായി കിടക്കുന്ന ഭൂമികളുടെ ഉടമകളിൽ പലരും വിദേശത്ത് ജോലി ചെയ്യുന്ന സുഹൃത്തുക്കളാണ്. നമ്മുടെ സംസ്ഥാനത്ത് തന്നെ ഉന്നത ഉദ്യോഗസ്ഥന്മാരായിട്ടുള്ളവരുണ്ട്, ബാങ്ക് ജീവനക്കാരുണ്ട്. സ്വകാര്യ സാമ്പത്തിക സ്ഥാപനങ്ങളും വ്യവസായശാലകളും നടത്തുന്ന സുഹൃത്തുക്കളുണ്ട്. അവരൊക്കെ ഈ ഭൂമിയിൽ കൃഷിയിറക്കാതെ അത് തന്റെ സ്വത്തായി എക്കാലത്തും നിലനിന്നുപോയാൽമതി എന്ന ധാരണയിൽ ആ ഭൂമി തരിശായി ഇട്ടിരിക്കുകയാണ്. എന്നാൽ തരിശായി കിടക്കുന്ന മറ്റൊരു വിഭാഗം ഭൂമി കൃഷിക്ക് ഉപയുക്തമല്ലാത്തതാണ്. മുൻപ് നെൽകൃഷി ചെയ്തിരുന്നതും ഇപ്പോൾ നെൽകൃഷിക്കാവശ്യമായ ജലസേചന സൗകര്യങ്ങളും മറ്റ് സാധ്യതകളും ഇല്ലാത്തതുമായ ഒരു വിഭാഗം ഭൂമി തരിശായി കിടക്കുന്നുണ്ട്. ആ നെൽപ്പാടങ്ങൾ നികത്തി തെങ്ങു കൃഷി ചെയ്യുന്നതിനാവശ്യമായ നടപടികൾ കൃഷിക്കാർ സ്വീകരിച്ചുവരുന്നുണ്ട്. നെൽപ്പാടങ്ങൾ നികത്തി തെങ്ങുകൃഷി ചെയ്യുന്നത് ലാഭകരമല്ലെന്നുള്ളത് ഈ കാലഘട്ടത്തിൽ കൃഷിക്കാർക്കുതന്നെ ബോധ്യമായി വരികയാണ്. അവിടെയാണ് ഏറ്റവും ഉൽപ്പാദനക്ഷമത കുറഞ്ഞു വരുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഏതെല്ലാം കൃഷികൾ ചെയ്യാൻ കഴിയുമെന്നത് സംബന്ധിച്ച് വളരെ ശാസ്ത്രീയമായി ഒരു പഠനം നടത്തേണ്ടതാവശ്യമാണ്. അങ്ങനെയുള്ള ഒരു ശാസ്ത്രീയമായ പഠനം ഇതുവരെ നമ്മുടെ രാജ്യത്ത് ഒരിടത്തും നടത്തിയിട്ടില്ല. നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങൾ ഏതെല്ലാം കൃഷിക്ക് ഉപയോഗിക്കാൻ കഴിയുമെന്നത് സംബന്ധിച്ച് ശാസ്ത്രീയമായ ഒരു പഠനം അനിവാര്യമായിത്തീർന്നിരിക്കുകയാണ്. അങ്ങനെ ശാസ്ത്രീയമായ പഠനം നടത്തുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. വളരെ പെട്ടെന്ന് അതിന്റെ റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

കിട്ടേണ്ടതായിട്ടുണ്ട്. വരുന്ന വർഷങ്ങൾ വിദേശരാജ്യങ്ങളിൽ നിന്ന് കാർഷി കോൽപ്പന്നങ്ങൾ അധികമധികം നമ്മുടെ രാജ്യത്തിലേക്ക് ഇറക്കുമതി ചെയ്യുന്ന വർഷങ്ങളാണ്. അപ്പോൾ നമ്മുടെ രാജ്യത്തെക്കാൾ ഉൽപ്പാദനക്ഷമതയുള്ള, ഉൽപ്പാദനച്ചെലവ് കുറഞ്ഞ രാജ്യങ്ങളിൽ നിന്നാണ് കാർഷികോൽപ്പന്നങ്ങൾ നമ്മുടെ കമ്പോളത്തിലേക്ക് ഇറക്കുമതി ചെയ്യുന്നത്. അവരോട് നമ്മുടെ, കർഷകർക്ക് കാർഷികോൽപ്പന്നങ്ങൾക്ക് മത്സരിക്കാൻ കഴിയണമെങ്കിൽ ഒന്നാമതായി ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ചുകൊണ്ടുമാത്രമേ കഴിയുകയുള്ളൂ. രണ്ടാമത്, ഗുണനിലവാരമുള്ള കാർഷികോൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സ്ഥലത്തേക്ക് കർഷകരെ കൊണ്ട് പോകേണ്ടതായിട്ടുണ്ട്. ഈ രണ്ടുരീതിയിൽ കൃഷിക്കാരെ മാറ്റിയെടുക്കണം. ആ രീതിയിൽ മാറ്റിയെടുക്കാനുള്ള ശ്രമത്തിലാണ് സംസ്ഥാന ഗവൺമെന്റ് ഏർപ്പെട്ടിട്ടുള്ളത്. അതുപോലെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ കൃഷി കുറെക്കൂടി ആദായകരമാക്കണം. അതിന് നെല്ല്, തെങ്ങ് തുടങ്ങിയിട്ടുള്ള കാർഷികമേഖലയ്ക്ക് ഇന്ന് നൽകുന്നതിൽ നിന്ന് കൂടുതലായി എന്തെല്ലാം സഹായങ്ങളാണ് നൽകാൻ കഴിയുകയെന്നത് സംബന്ധിച്ച് ഗവൺമെന്റ് വളരെ ഗൗരവമായി ആലോചിക്കുന്നതാണ്. തരിശായി കിടക്കുന്ന ഭൂമിയെ സംബന്ധിച്ചിടത്തോളം കൃഷിക്കാരന്റെ ഉടമാവകാശത്തിന് നഷ്ടം വരുത്താതെ, ആ ഉടമാവകാശം ചോദ്യം ചെയ്യാതെ തന്നെ കൃഷി ചെയ്യാൻ താൽപ്പര്യപൂർവ്വം മുന്നോട്ടു വരുന്ന ചെറുപ്പക്കാർക്കോ, അല്ലെങ്കിൽ കർഷകത്തൊഴിലാളിക്കോ, മറ്റ് കൃഷിക്കാർക്കോ കൃഷി ചെയ്യാൻ കൊടുക്കാൻ കഴിയുന്നരീതിയിൽ ചില നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ആ നടപടികൾ സ്വീകരിക്കുമ്പോൾ നിലവിലുള്ള നിയമങ്ങൾ സംരക്ഷിച്ചുകൊണ്ടു തന്നെ, കൃഷിക്കാരന്റെ ഉടമാവകാശം സംരക്ഷിച്ചുകൊണ്ടു തന്നെ അതിന്റെ സാദ്ധ്യതകൾ, എല്ലാ പക്ഷത്തുള്ളവരുമായി ആലോചിച്ച് ഒരു തീരുമാനമെടുത്ത് നടപ്പിലാക്കേണ്ടതായിട്ടുണ്ടെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. അങ്ങനെ തരിശായി കിടക്കുന്ന നെൽപ്പാടങ്ങൾ കൃഷിക്ക് ഉപയുക്തമാക്കാനും പണ്ട് കൃഷി ചെയ്തിരുന്ന, പിന്നീട് പല കാരണങ്ങളാൽ കൃഷി ചെയ്യാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്ന പ്രദേശങ്ങളിൽ ലാഭകരമായി മറ്റ് ഏത് കൃഷിക്ക് ആ ഭൂമി ഉപയോഗപ്പെടുത്താൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കുന്നതിനും ഓരോ സ്ഥലത്തും ശാസ്ത്രീയമായ കൃഷി നടത്താൻ ആ പ്രദേശത്തെ തെരഞ്ഞെടുക്കാനും ഒരു ശാസ്ത്രീയമായ പഠനം നടത്തുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കുന്നതിനും ഗവൺമെന്റ് തയ്യാറാണ്. വളരെ അടിയന്തിരമായി അതിന്റെ റിപ്പോർട്ട് വാങ്ങുന്നതിനും ഗവൺമെന്റ് നടപടി സ്വീകരിക്കും.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോൾ നൽകി വരുന്നത് ; അതോടൊപ്പം പുതിയ ആനുകൂല്യങ്ങൾ നൽകുമ്പോൾ പ്രത്യേകിച്ച് ത്രിതല പഞ്ചായത്തുകളുമായി സഹകരിച്ചുകൊണ്ട് കൂടുതൽ സൗജന്യങ്ങളും സബ്സിഡികളും നൽകുന്നതിനും പലിശ ഒഴിവാക്കിക്കൊടുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ഇപ്പോൾ തന്നെ കാർഷിക മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ നല്ലൊരു പങ്കും ജനകീയാസൂത്രണ സംവിധാനത്തിന്റെ ഭാഗമായി ത്രിതല പഞ്ചായത്തുകളാണ് നടപ്പിലാക്കി വരുന്നത്. ത്രിതല പഞ്ചായത്തുകളുമായി ബന്ധപ്പെട്ടുകൊണ്ടുതന്നെയാണ് കൃഷി വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഈ നടപടികൾ സ്വീകരിക്കുന്നതിനിടയിൽ ഏതെല്ലാം രീതിയിലുള്ള വായ്പകൾ അവർക്ക് സൗകര്യപ്പെടുത്തിക്കൊടുക്കാൻ കഴിയും ആ വായ്പ സൗകര്യപ്പെടുത്തിക്കൊണ്ട് എങ്ങനെ കൃഷി കൂടുതൽ മെച്ചപ്പെടുത്താൻ കഴിയുമെന്നുള്ള കാര്യംകൂടി ത്രിതല പഞ്ചായത്തുകളുമായി ബന്ധപ്പെട്ടുകൊണ്ട് ആലോചിച്ച് തീരുമാനമെടുക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്.

(2) ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികൾ

ശ്രീ. സി. കെ. രാജേന്ദ്രൻ : സർ, കേരളത്തിലെ പതിനായിരക്കണക്കിന് ക്ഷീരകർഷകരും അവരെ സഹായിക്കുന്ന സഹകരണസംഘങ്ങളും നേരിടുന്ന പ്രശ്നങ്ങളാണ് ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. കുറഞ്ഞ മുതൽമുടക്കിൽ കൂടുതൽ പേർക്ക് തൊഴിൽ നൽകാൻ കഴിയുന്ന ഒരു വിപുലമായ മേഖലയാണ് ക്ഷീരവികസനം. ഏതാണ്ട് 2310 ആപ്കോസ് സംഘങ്ങളും 658 വ്യവസായ സംഘങ്ങളുമുള്ള ഈ മേഖലയിലെ കൃഷിക്കാരെ പൂർണ്ണ തോതിൽ സഹായിക്കാൻ കഴിയുന്നില്ല. ഇവിടെ നമുക്കാവശ്യമുള്ള പാൽ ഏതാണ്ട് 33.1 ലക്ഷം ടൺ ആണ്. ഉൽപ്പാദിപ്പിക്കുന്നത് ഏതാണ്ട് 26.75 ലക്ഷം ടൺ ആണ്. പാലുൽപ്പാദനം കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങളായി വർദ്ധിച്ചുവരുന്നുണ്ട്. ഈ മേഖലയിലെ വളരെ പ്രധാനപ്പെട്ട പ്രശ്നമെന്നുപറയുന്നത് കാലിത്തീറ്റ ലഭിക്കായ്മയും അതിന്റെ വിലവർദ്ധനവുമാണ്. 1970-കളിൽ ഏതാണ്ട് 8.75 ലക്ഷം ഹെക്ടർ ഭൂമിയിൽനിന്ന് കിട്ടിയിരുന്ന വയ്ക്കോൽ ഇപ്പോൾ പകുതിയായി കുറഞ്ഞിട്ടുണ്ട്. ഇവിടെ തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കാനുള്ള തീരുമാനവും വേണ്ടത്ര ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. മിൽക്ക് ഷെഡ് വികസന പരിപാടി സംസ്ഥാനമൊട്ടാകെ ഫലപ്രദമായി നടപ്പിലാക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കണം. പ്രതിവർഷം മിൽമ ഉൽപ്പാദിപ്പിക്കുന്ന കാലിത്തീറ്റ ഏതാണ്ട് 94,300 ടൺ ആണ്. ശരാശരി 500 ടൺ കാലിത്തീറ്റ പൊതുമേഖലയിൽ ഉൽപ്പാദിപ്പിക്കുമ്പോൾ പ്രൈവറ്റ് ഫാക്ടറികൾ 3000 ടൺ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നു. അപ്പോൾ സ്വകാര്യമേഖലയെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യത്തിൽ, വലിയ വില കൊടുത്ത് കൃഷിക്കാർ കാലിത്തീറ്റ വാങ്ങേണ്ടിവരികയാണ്. 1996-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 37 ലക്ഷം പശുക്കളും, 1.7 ലക്ഷം എരുമകളും 18.6 ലക്ഷം ആടുകളുമാണുള്ളത്. ഇപ്പോൾ ഇവയുടെ എണ്ണം ഗണ്യമായി കൂടിയിട്ടുണ്ട്. എങ്കിലും 7 ലക്ഷത്തോളം ടൺ പാൽ സംസ്ഥാനത്ത് അധികമായി ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. സംസ്ഥാനത്ത് ആവശ്യമായ പാലിന്റെ 21 ശതമാനം ഇപ്പോഴും അന്യസംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. പാൽ സംഭരണത്തിൽ പ്രധാന പങ്ക് വഹിക്കുന്നത് മിൽമയാണ്. മിൽമ പലപ്പോഴും സംഘാംഗങ്ങളെ സഹായിച്ച് അതിലൂടെ

LIBRARY ARCHIVES Kerala Legislative Assembly